# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.72 — 11.03.2015 -ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.പാലോട് രവി | **ശ്രീ.ഷിബു ബേബി ജോൺ**<br>(ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ എന്തെല്ലാം അവസരങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ ; | (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നിലവിലുള്ള നിയമപ്രകാരം 3 വർഷത്തിൽ ഒരിക്കൽ തങ്ങളുടെ രജിസ്ട്രേഷൻ പുതുക്കേണ്ടതായിട്ടുണ്ട്. നേരിട്ടോ, ദൂതൻ മുഖേനയോ തപാൽ മാർഗ്ഗമോ പുതുക്കാവുന്നതാണ്. ആയതിലേക്ക് പുതുക്കേണ്ട മാസവും, തൊട്ടടുത്ത 2 മാസവും ഗ്രേസ് പീരീഡ് ആയി അനുവദിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിന് ഒരു വർഷക്കാലയളവ് ഗ്രേസ് പീരീഡ് അനുവദിച്ച് വരുന്നു. യഥാസമയം പുതുക്കാൻ കഴിയാത്ത വികലാംഗ ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിനായി രേഖാമൂലം അറിയിപ്പ് നൽകുകയും, ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ നൽകി രജിസ്ട്രേഷൻ പുതുക്കുന്നതിന് അവസരം നൽകുകയും ചെയ്യുന്നു. കൂടാതെ രോഗം, പ്രസവം, കരുതൽ തടങ്കൽ/നിയമം അനുസരിച്ചുള്ള അറസ്റ്റ്, പ്രകൃതിക്ഷോഭം, വെള്ളപ്പൊക്കം മുതലായ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്തവർക്ക്, ബന്ധപ്പെട്ട അധികാരികളിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കി രജിസ്ട്രേഷൻ പുതുക്കാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മാന്വലിൽ (NESM) വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

ആയതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ സീനിയോറിറ്റിയോടുകൂടി പുതുക്കി നൽകുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ നിന്നും അനുമതി നൽകി വരുന്നുണ്ട്. വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്തവർക്ക് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന പ്രത്യേക പുതുക്കൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ പുതുക്കാൻ അനുമതി നൽകി വരുന്നുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കാൻ അനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കാൻ ഈ സർക്കാരിന്റെ കാലത്ത് 4 (നാല്) തവണ അനുമതി നൽകിയിട്ടുണ്ട്.

(സി) എങ്കിൽ ഏത് കാലയളവിലെ രജിസ്ട്രേഷനുകൾക്കാണ് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നത് ;

(സി) തൊഴിലും നൈപുണ്യവും വകുപ്പിൽ നിന്നും ഏറ്റവും അവസാനം പുറപ്പെടുവിച്ച സ.ഉ. (സാധാ) നം.831/2014/തൊഴിൽ തീയതി 21.06.2014 പ്രകാരം 01.01.1993 മുതൽ 21.06.2014 വരെ നിയമാനുസൃതം എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കുന്നതിന് 31.08.2014 വരെ സമയം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ ?

(ഡി) വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ റദ്ദായവർക്ക് സീനിയോറിറ്റിയോടുകൂടി പുതുക്കുന്നതിന് സർക്കാർ വിവിധ കാലയളവിൽ പ്രത്യേക പുതുക്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകൾ നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ നിന്നും കാലാകാലങ്ങളിൽ സർക്കുലർ മുഖേന സബ് ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ ദിവസവും കിട്ടുന്ന അപേക്ഷകളിൻമേൽ

അതാത് ദിവസം തന്നെ നടപടി സ്വീകരിച്ച് സീനിയോറിറ്റി പുനഃസ്ഥാപിച്ചു നൽകണമെന്നും, നിയമാനുസൃതം സെലക്ട് ലിസ്റ്റുകളിൽ ഉൾപ്പെടുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ സൗജന്യ പുതുക്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള വിവരം സംസ്ഥാന തലത്തിലും, മേഖല തലത്തിലും, ജില്ലാ തലത്തിലും എല്ലാ ദൃശ്യ ശ്രാവ്യ മാധ്യമ ങ്ങളിലൂടെയും മറ്റും നിരന്തരം പ്രാദേശികമായി പരമാവധി പ്രചാരണം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ